ഖുർആൻ ബോധനം 973 എ.വൈ.ആർ

# സൂറ– 28 / അൽ ഖസ്വസ്വ്

**സൂക്തം: 86 – 88**

ഹിജ്റക്കു ശേഷം പ്രവാചകൻ മദീനയിൽ സ്ഥാപിച്ച പ്രഥമ ഇസ്‌ലാമിക സമാജത്തിൽ മുസ്‌ലിംകളും വേദക്കാരും ബഹുദൈവവിശ്വാസികളും തുല്യപൗരന്മാരായിരുന്നു. ആരും മറ്റുള്ളവരെ തൃപ്തിപ്പെടുത്താൻ സ്വന്തം വിശ്വാസങ്ങളിൽ നീക്കുപോക്കു വരുത്താൻ കൽപിക്കപ്പെട്ടിരുന്നില്ല. നിങ്ങൾക്കു നിങ്ങളുടെ മതം, എനിക്ക് എന്റെ മതം എന്ന തത്ത്വത്തിൽ തന്നെ എല്ലാവരും സൗഹാർദപരമായി സഹവർത്തിച്ചു.



وَمَا كُنتَ تَرْجُو أَن يُلْقَىٰ إِلَيْكَ الْكِتَابُ إِلَّا رَحْمَةً مِّن
رَّبِّكَ ۖ فَلَا تَكُونَنَّ ظَهِيرًا لِّلْكَافِرِينَ ﴿٨٦﴾

86. ഈ വേദം നിനക്കു ലഭിക്കുമെന്ന് നീ ഒട്ടും പ്രതീക്ഷിച്ചതായിരുന്നില്ല. ഇതു നിന്റെ നാഥങ്കൽനിന്നുള്ള കാരുണ്യം മാത്രമായി അവതരിച്ചിട്ടുള്ളതാകുന്നു. ആകയാൽ നീയൊരിക്കലും സത്യനിഷേധികളുടെ സഹായിയാകാതിരിക്കണം.

**86**

وَمَا كُنتَ تَرْجُو = നീ (ഒട്ടും) പ്രതീക്ഷിക്കുന്ന(ക്ഷിച്ച)തായിരുന്നില്ല

أَن يُلْقَىٰ إِلَيْكَ الْكِتَابُ = ഈ വേദം നിന്നിലേക്ക് ഇടപ്പെടും (നിനക്കു ലഭിക്കും) എന്ന്

إِلَّا رَحْمَةً مِّن رَّبِّكَ = (ഇതു) നിന്റെ നാഥങ്കൽനിന്നുള്ള കാരുണ്യം മാത്രമായി(അവതരിച്ചി)ട്ടുള്ളതാകുന്നു

فَلَا تَكُونَنَّ ظَهِيرًا لِّلْكَافِرِينَ = ആകയാൽ നീ ഒരിക്കലും സത്യനിഷേധികളുടെ സഹായിയാകാതിരിക്കണം

മുകളിൽ പറഞ്ഞ ആശയത്തെ ഒന്നുകൂടി സ്ഫുടീകരിക്കുകയാണീ സൂക്തം. അതായത് ഈ ഖുർആൻ പ്രവാചകൻ അല്ലാഹുവിനോട് ചോദിച്ചു വാങ്ങിയതല്ല. ഇങ്ങനെയൊന്നു ലഭിക്കുമെന്നു പ്രവാചകൻ പ്രതീക്ഷിച്ചിരുന്നുമില്ല. നിന്റെ ചുമലിൽ ഇങ്ങനെയൊരു വേദം കെട്ടിവെച്ച് അവൻ നിന്നെ വിട്ടുകളഞ്ഞ് അശ്രദ്ധനായി വർത്തിക്കുകയുമല്ല. നീ ആഗ്രഹിക്കാതെയും ആവശ്യപ്പെടാതെയും നിന്നെ ഈ വേദത്തിന്റെ വാഹകനാക്കിയത് നിന്റെ നാഥന്റെ അമൂല്യമായ അനുഗ്രഹം തന്നെയാണ്. ഏതൊരു ദൗത്യത്തിനു വേണ്ടിയാണോ അവൻ നിന്നെ തെരഞ്ഞെടുത്തിരിക്കുന്നത്, അതിന്റെ ശരിയായ നിർവഹണത്തിനു വേണ്ടി നീ നടത്തുന്ന എല്ലാ നീക്കങ്ങളിലും അവന്റെ പിന്തുണയും മാർഗദർശനവും ലഭിച്ചുകൊണ്ടിരിക്കും. അതിനാൽ ഖുർആനിന്റെ സാക്ഷാത്കരണം അതിനുവേണ്ടി പ്രയത്നിക്കുന്ന സത്യവിശ്വാസികൾക്കും അനുഗ്രഹ നിമിത്തമാകുന്നു. ഈ ദൈവാനുഗ്രഹത്തോട് നന്ദികെട്ടവരായിക്കൊണ്ട് ഈ ഖുർആനിനെ അവഗണിച്ചു തള്ളുന്നവർ തങ്ങൾക്ക് ലഭിക്കേണ്ട ദൈവാനുഗ്രഹത്തെ സ്വയം തട്ടിക്കളയുന്നവരാണ്.

فَلَا تَكُونَنَّ ظَهِيرًا لِّلْكَافِرِينَ – എന്ന വാക്യം നേരിട്ട് സംബോധന ചെയ്യുന്നത് പ്രവാചകനെയാണെങ്കിലും അതിലടങ്ങിയ വിമർശനത്തിന്റെയും ഉദ്ബോധനത്തിന്റെയും ഉന്നം ഖുർആനിനെ നിഷേധിക്കുന്ന അവിശ്വാസികളാണ്. അല്ലാഹുവിങ്കൽനിന്ന് ലഭിച്ച സന്ദേശം യാതൊരു ഏറ്റക്കുറവും വരുത്താതെ നീ ജനങ്ങളിൽ പ്രബോധനം ചെയ്യണം. അവിശ്വാസികളുടെ താൽപര്യങ്ങളും സങ്കൽപങ്ങളും മാനിച്ച് അതിൽ ഒരു തരത്തിലുള്ള ഭേദഗതിക്കും വിട്ടുവീഴ്ചക്കും തയാറായിക്കൂടാ. നിന്റെ ഉത്തരവാദിത്തം അല്ലാഹുവിനോടാണ്, അവനെ ധിക്കരിക്കുന്ന അവിശ്വാസികളോടല്ല. അവരുടെ താൽപര്യങ്ങൾക്കൊത്ത് ഖുർആനികാധ്യാപനങ്ങളിൽ നീക്കുപോക്കു വരുത്തുന്നത് ദൈവധിക്കാരികളെ പിന്തുണക്കലും സഹായിക്കലുമാകും. മുഹമ്മദ്(സ) അദ്ദേഹത്തിന്റെ ആദർശ സിദ്ധാന്തങ്ങളിൽ ചില വിട്ടുവീഴ്ചകൾ ചെയ്യുകയാണെങ്കിൽ അദ്ദേഹത്തോടുള്ള എതിർപ്പിന്റെയും ശത്രുതയുടെയും ശക്തി കുറക്കാൻ ഞങ്ങൾ തയാറാണെന്ന് ഖുറൈശികൾ പലപ്പോഴും താൽപര്യപ്പെടാറുണ്ടായിരുന്നു. ഉദാഹരണമായി, അല്ലാഹു സർവശക്തനും പരമാധികാരിയുമായ പരമേശ്വരനാണെന്ന് ഞങ്ങൾ സമ്മതിക്കാം. പകരം ഞങ്ങൾ ആരാധിക്കുന്ന വിഗ്രഹങ്ങൾ ആ പരമേശ്വരന്റെ അംഗീകാരമുള്ള

ഉപദൈവങ്ങളാണെന്നും ശക്തിയുടെയും ദിവ്യത്വത്തിന്റെയും അംശങ്ങൾ പരമേശ്വരൻ അവർക്കു പങ്കുവെച്ചിട്ടുണ്ടെന്നും അദ്ദേഹം സമ്മതിക്കണം. ഞങ്ങളുടെ ദൈവങ്ങളൊക്കെ നിർജീവമായ ശിലാപ്രതിമകൾ മാത്രമാണെന്ന അദ്ദേഹത്തിന്റെ നിലപാട് തിരുത്തണം. അങ്ങനെ വിശ്വാസങ്ങൾക്കിടയിൽ സമവായമുണ്ടാക്കി നമുക്ക് സമാധാനപരമായി സഹവർത്തിക്കാം. ഇത്തരം വല്ല മോഹവും മനസ്സിലുണ്ടെങ്കിൽ അതങ്ങ് വാങ്ങി വെച്ചുകൊള്ളട്ടെ എന്ന് ഖുറൈശി നേതാക്കളെയും പ്രവാചകനെയും വിശ്വാസികളെയും അസന്ദിഗ്ധമായി അറിയിക്കുകയാണ് ഈ സൂക്തം.

ഈ സൂക്തം സുപ്രധാനമായ മൂന്നു തത്ത്വങ്ങൾ ഉൾവഹിക്കുന്നുണ്ട്: 1) പ്രവാചകത്വം ഒരു ദൈവിക ദാനമാണ്. അല്ലാഹു ഉദ്ദേശിക്കുന്നവരെ പ്രവാചകന്മാരായി തെരഞ്ഞെടുക്കുന്നു. പ്രവാചകനായി തെരഞ്ഞെടുക്കപ്പെട്ടവരെ പ്രവാചക ദൗത്യം പരിശീലിപ്പിക്കുന്നതും അവൻ തന്നെ. പ്രവാചകൻ പ്രാർഥിക്കുകയോ പ്രവർത്തിക്കുകയോ പ്രതീക്ഷിക്കുകയോ ചെയ്യാതെ അദ്ദേഹത്തിൽ പ്രവാചകത്വം വന്നുചേരുന്നു. പ്രവാചകത്വത്തിന്റെ ഉത്തരവാദിത്തങ്ങൾ നിർവഹിക്കുന്നതിനുള്ള പരിശീലനവും സഹായവും കൂടി പ്രവാചകത്വം വന്നെത്തിയ സ്രോതസ്സിൽനിന്നുതന്നെ വന്നെത്തുന്നു. മനുഷ്യപ്രകൃതിയിൽ ഒളിഞ്ഞു കിടക്കുന്ന ചില യോഗ്യതകളുടെ തന്നെ വികാസമാണ് പ്രവാചകത്വം എന്ന സങ്കൽപത്തിന് തികച്ചും വിരുദ്ധമാണ് ഈ ആശയം.

2) ആഗ്രഹിക്കുകയും പ്രതീക്ഷിക്കുകയും ചെയ്യാതെ വന്നുചേർന്ന സ്ഥാനപദവികളുടെ ഉത്തരവാദിത്തങ്ങൾ നിർവഹിക്കുന്നതിന് അല്ലാഹുവിങ്കൽനിന്നുള്ള സഹായം ലഭിച്ചുകൊണ്ടിരിക്കും. പ്രാർഥിച്ചും പ്രയത്നിച്ചും പ്രതീക്ഷിച്ചും നേടിയെടുത്ത സ്ഥാനപദവികളുടെ ഉത്തരവാദിത്തനിർവഹണം അല്ലാഹു അവരെത്തന്നെ ഏൽപിച്ചിരിക്കുന്നു. അവരുടെ ആത്മാർഥതയും ഉദ്ദേശ്യശുദ്ധിയും കാര്യശേഷിയുമനുസരിച്ചായിരിക്കും അവരുടെ വിജയം.

3) ദീനിന്റെ അടിസ്ഥാന സിദ്ധാന്തങ്ങൾക്ക് അതിനു വിരുദ്ധമായ സിദ്ധാന്തങ്ങളുമായി ഒത്തുതീർപ്പ് സാധ്യമല്ല. സത്യവിശ്വാസികൾ അതിനു തയാറാകുന്നതിനർഥം അവർ തങ്ങളുടെ വിശ്വാസത്തെ സത്യനിഷേധികൾക്ക് അടിയറവ് വെക്കുന്നു എന്നാണ്. അഖണ്ഡനും അവിഭാജ്യനുമായ ഏകനും സർവശക്തനും സർവജ്ഞനും പ്രപഞ്ചത്തിന്റെ പരമാധികാരിയുമാണ് സക്ഷാൽ ദൈവം എന്നതാണ് തൗഹീദ്, ഖുർആൻ മുന്നോട്ടുവെക്കുന്ന ഏകദൈവ വിശ്വാസം. ദൈവത്തിൽ ഏതെങ്കിലും തരത്തിലുള്ള ബഹുത്വം ചാർത്തുന്നതെന്തും തൗഹീദിനെ നിഷേധിക്കലും ബഹുദൈവ വാദത്തെ അംഗീകരിക്കലുമാകുന്നു. ആളുകൾക്ക് ബഹുദൈവങ്ങളിൽ വിശ്വസിക്കാനും വിഗ്രഹങ്ങളെ ആരാധിക്കാനും സ്വാതന്ത്ര്യമുണ്ട്. ബഹുദൈവവിശ്വാസവും വിഗ്രഹാരാധനയും തികഞ്ഞ അന്ധവിശ്വാസവും അനാചാരവുമാണെന്ന് ഉറച്ചു വിശ്വസിക്കുമ്പോൾ തന്നെ ഏകദൈവവിശ്വാസികൾ ആ സ്വാതന്ത്ര്യം അംഗീകരിച്ചുകൊടുക്കേണ്ടതുണ്ട്. അതുപോലെ ഏകദൈവത്തിൽ വിശ്വസിക്കുന്നവർക്ക് അതിനുള്ള സ്വാതന്ത്ര്യം ബഹുദൈവവിശ്വാസികളും അംഗീകരിക്കണം. ബഹുദൈവവിശ്വാസത്തിനുള്ള സ്വാതന്ത്ര്യം ഏകദൈവ വിശ്വാസത്തിനുള്ള സ്വാതന്ത്ര്യം നിഷേധിക്കാനും ഏകദൈവവിശ്വാസികളെ ആക്രമിക്കാനുമുള്ള അവകാശവും അനുവാദവുമല്ല, മറിച്ചും അല്ല. എല്ലാവർക്കും അവരുടെ അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും വകവെച്ചു കൊടുക്കുന്നതിലൂടെയാണ് സമാധാനപരമായ സഹവർത്തിത്വം സാധ്യമാകുന്നത്. ഖുറൈശികൾ ഈ സ്വാതന്ത്ര്യം നിഷേധിക്കാൻ അക്രമാസക്തരായപ്പോഴാണ് മുഹമ്മദ് നബിയും അവരും തമ്മിൽ സംഘർഷമുണ്ടായത്. എന്നാൽ പിന്നെ തൗഹീദിൽ നീക്കുപോക്കുകൾ വരുത്തി ഖുറൈശികളുമായി സൗഹൃദം സ്ഥാപിക്കാമെന്ന് പ്രവാചകൻ ചിന്തിച്ചില്ല. അങ്ങനെ ചിന്തിക്കുന്നത് ഖുർആൻ വിലക്കുകയും ചെയ്തു. അത് സത്യധർമങ്ങൾ നിഷേധിക്കുന്ന ധിക്കാരികളെ -കാഫിറുകളെ- സഹായിക്കലാകും.

ഹിജ്റക്കു ശേഷം പ്രവാചകൻ മദീനയിൽ സ്ഥാപിച്ച പ്രഥമ ഇസ്‌ലാമിക സമാജത്തിൽ മുസ്‌ലിംകളും വേദക്കാരും ബഹുദൈവവിശ്വാസികളും തുല്യപൗരന്മാരായിരുന്നു. ആരും മറ്റുള്ളവരെ തൃപ്തിപ്പെടുത്താൻ സ്വന്തം വിശ്വാസങ്ങളിൽ നീക്കുപോക്കു വരുത്താൻ കൽപിക്കപ്പെട്ടിരുന്നില്ല. നിങ്ങൾക്കു നിങ്ങളുടെ മതം, എനിക്ക് എന്റെ മതം എന്ന തത്ത്വത്തിൽ തന്നെ എല്ലാവരും സൗഹാർദപരമായി സഹവർത്തിച്ചു. ഇന്നും നിരവധി രാജ്യങ്ങളിൽ ഈവിധം ബഹുമതങ്ങൾ സഹവർത്തിച്ചു കഴിയുന്നുണ്ട്. ഇന്ത്യയും അക്കൂട്ടത്തിൽ പെടുന്നു. എന്നാൽ അടുത്തകാലത്തായി, ഇന്ത്യയിൽ ജീവിക്കുന്നവരെല്ലാം ഹൈന്ദവ വിശ്വാസങ്ങളും ആചാരങ്ങളും പാലിക്കുന്നവരായിരിക്കണം എന്നൊരു വാശി ഭൂരിപക്ഷ മത വിഭാഗമായ ഹിന്ദുക്കളിൽ ചിലരിൽ ശക്തിപ്പെട്ടുവരുന്നുണ്ട്. അന്യമതസ്ഥർക്കെതിരെ രാജ്യത്തിന്റെ നാനാഭാഗങ്ങളിലും വംശനശീകരണ ആക്രമണങ്ങൾ സംഘടിപ്പിക്കപ്പെടുന്നു. അവരുടെ ആരാധനാലയങ്ങൾ തകർക്കപ്പെടുന്നു. ഗോമാംസ ഭോജനത്തിന്റെ പേരിൽ ആളുകൾ നിഷ്ഠുരമായി തല്ലിക്കൊല്ലപ്പെടുന്നു. വന്ദേമാതരം പാടാത്തവർ പോലും ഇന്ത്യ വിടണമെന്ന് ആക്രോശിക്കുന്നു. ഭാഗ്യവശാൽ ഭൂരിപക്ഷം ഹിന്ദു സഹോദരന്മാരും ഈ നിലപാടിനെ എതിർക്കുന്നവരാണ്. ചെറിയൊരു ന്യൂനപക്ഷത്തെ ഈ നിലപാടിന് പ്രേരിപ്പിക്കുന്നത് ആത്മീയതയോ മതഭക്തിയോ അല്ല, മറിച്ച് സാമ്പത്തിക-രാഷ്ട്രീയ-വർഗീയ താൽപര്യങ്ങളാണ്. മക്കാ ഖുറൈശികൾ പ്രവാചകനോടും സഖാക്കളോടും അനുവർത്തിച്ച ഫാഷിസം തന്നെയാണിത്. മറ്റുള്ളവർ അത് എത്രത്തോളം വകവെച്ചുകൊടുക്കുന്നുവോ അത്രത്തോളം അതു വളർന്നുകൊണ്ടിരിക്കും. അതുകൊണ്ടാണ് മൗലികമായ ആദർശങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് ദൈവധിക്കാരികളുടെ സഹായിയായിക്കൂടാ എന്നു കൽപിച്ചത് فَلَا تَكُونَنَّ ظَهِيرًا لِّلْكَافِرِينَ

---

وَلَا يَصُدُّنَّكَ عَنْ آيَاتِ اللَّهِ بَعْدَ إِذْ أُنزِلَتْ إِلَيْكَ ۖ وَادْعُ إِلَىٰ رَبِّكَ ۖ وَلَا تَكُونَنَّ مِنَ الْمُشْرِكِينَ ﴿٨٧﴾

87. ദൈവിക സൂക്തങ്ങൾ നിനക്ക് അവതീർണമായ ശേഷം സത്യനിഷേധികൾ നിന്നെ അതിൽനിന്ന് തടഞ്ഞുകൂടാത്തതാകുന്നു. നീ നിന്റെ നാഥങ്കലേക്കു മാത്രം ജനത്തെ പ്രബോധനം ചെയ്യുക. ഒരിക്കലും ബഹുദൈവാരാധകരുടെ ഗണത്തിൽ പെട്ടുപോകരുത്.

**87**

وَلَا يَصُدُّنَّكَ= നിഷേധികൾ നിന്നെ തടഞ്ഞുകൂടാ(ത്തതാകുന്നു)

عَنْ آيَاتِ اللَّهِ= ദൈവിക സൂക്തങ്ങളിൽനിന്ന് بَعْدَ إِذْ أُنزِلَتْ إِلَيْكَ= അതു നിനക്ക് അവതീർണമായ ശേഷം

وَادْعُ إِلَىٰ رَبِّكَ= നിന്റെ നാഥങ്കലേക്കു(മാത്രം ജനത്തെ) പ്രബോധനം ചെയ്യുക

وَلَا تَكُونَنَّ مِنَ الْمُشْرِكِينَ= നീ ബഹുദൈവാരാധകരിൽ (രുടെ ഗണത്തിൽ) പെട്ടുപോകരുത്

മുൻ സൂക്തത്തിന്റെ ആശയം വീണ്ടും ഊന്നിപ്പറയുകയാണ്. പ്രതിയോഗികളുടെ എതിർപ്പും പീഡനവും എത്ര കൊടൂരമായാലും അത് അല്ലാഹുവിങ്കൽനിന്ന് ലഭിച്ച സൂക്തങ്ങളിൽനിന്ന് -ഖുർആനിക അധ്യാപനങ്ങളിൽനിന്ന് വിശ്വാസിയെ തടഞ്ഞുകൂടാ. പ്രതിയോഗികൾക്ക് അനിഷ്ടകരമാണെങ്കിലും അല്ലാഹുവിങ്കൽനിന്ന് അവതീർണമായ വചനങ്ങൾ തിരിച്ചെടുക്കാനോ പൂഴ്ത്തിവെക്കാനോ സാധ്യമല്ലെന്ന് ഉച്ചൈസ്തരം ഉദ്ഘോഷിക്കണം. ദൈവിക വചനങ്ങൾ അവതരിച്ചുകിട്ടുന്നതോടെ അതിന്റെ സ്പഷ്ടമായ പ്രബോധനം പ്രവാചകന്റെ, പ്രബോധകന്റെ ബാധ്യതയായിരിക്കുന്നു. അതിൽനിന്ന് വ്യതിചലിക്കുന്നവർ വ്യതിചലിക്കുന്നത് നാശത്തിന്റെ വഴിയിലേക്കാണ്. സത്യപ്രബോധകൻ ജനങ്ങളെ ക്ഷണിക്കുന്നത് അല്ലാഹുവിങ്കലേക്ക്- അവന്റെ അടിമത്തത്തിലേക്ക്- മാത്രമായിരിക്കണം. അതിൽ വിഗ്രഹാരാധകരുടെയും ബഹുദൈവവിശ്വാസികളുടെയും വിരോധം ഭയന്ന് അവരുടെ താൽപര്യങ്ങൾക്കു കൂടി സ്ഥാനമനുവദിക്കുന്നത് അവരും തൗഹീദ് വെടിഞ്ഞ് ബഹുദൈവ വിശ്വാസം സ്വീകരിക്കലാണ്.

---

وَلَا تَدْعُ مَعَ اللَّهِ إِلَٰهًا آخَرَ ۘ لَا إِلَٰهَ إِلَّا هُوَ ۚ كُلُّ شَيْءٍ هَالِكٌ إِلَّا وَجْهَهُ ۚ لَهُ الْحُكْمُ وَإِلَيْهِ تُرْجَعُونَ ﴿٨٨﴾

88. അല്ലാഹുവിന്റെ കൂടെ മറ്റൊരു ദൈവത്തെയും നീ പ്രാർഥിച്ചുകൂടാ. അവനല്ലാതെ ദൈവമേതുമില്ല. അവന്റെ സത്തയല്ലാത്ത സകലതും നശിച്ചുപോകുന്നതാകുന്നു. ശാസനാധികാരം അവന്നു മാത്രമുള്ളതാകുന്നു. നിങ്ങളൊക്കെയും അവങ്കലേക്കു തന്നെ തിരിച്ചയക്കപ്പെടുന്നതാകുന്നു.

**88**

وَلَا تَدْعُ مَعَ اللَّهِ= അല്ലാഹുവിന്റെ കൂടെ നീ പ്രാർഥിച്ചുകൂടാ إِلَٰهًا آخَرَ = മറ്റൊരു ദൈവത്തെയും

لَا إِلَٰهَ = ദൈവമേതുമില്ല إِلَّا هُوَ = അവനല്ലാതെ كُلُّ شَيْءٍ = സകല(തും) വസ്തുക്കളും

هَالِكٌ = നശിച്ചുപോകുന്നതാകുന്നു إِلَّا وَجْهَهُ = അവന്റെ മുഖം (സത്ത-അസ്തിത്വം) അല്ലാത്ത

لَهُ الْحُكْمُ = ശാസനാധികാരം അവന്നു മാത്രമുള്ളതാകുന്നു وَإِلَيْهِ= അവങ്കലേക്കു തന്നെ

تُرْجَعُونَ = നിങ്ങൾ (ഒക്കെയും) തിരിച്ചയക്കപ്പെടുന്ന(താകുന്നു)

ഖുറൈശികളും ഇസ്‌ലാമും തമ്മിലുള്ള സംഘർഷത്തിന്റെ കേന്ദ്രബിന്ദു തൗഹീദ്- ഏകദൈവവിശ്വാസം- തന്നെയായിരുന്നു. ദൈവം ഏകനാണ് എന്ന് സമ്മതിക്കുന്നതോടെ അവസാനിക്കുന്നതല്ല തൗഹീദ്. തൗഹീദ് സമ്മതിക്കുന്നതോടെ ലോകത്ത് ആരാധിക്കപ്പെടുന്ന മറ്റെല്ലാ ദൈവങ്ങളും ദൈവങ്ങളല്ലാതാവുകയും തിരസ്കരിക്കപ്പെടുകയും ചെയ്യുന്നു. അത് ഖുറൈശികൾക്ക് സഹിക്കാനാവാത്തതായിരുന്നു. ഖുറൈശികൾക്കു മാത്രമല്ല ഇന്നത്തെ ബഹുദൈവ വിശ്വാസികൾക്കും ഏറ്റം അരോചകമായിട്ടുള്ള ആശയം ഇതു തന്നെയാണ്. പ്രപഞ്ചത്തിന് ഒരു ദൈവമേയുള്ളൂ എന്ന് തത്ത്വത്തിൽ സമ്മതിക്കാൻ എല്ലാവരും തയാറാണ്. ആ ഒരുവൻ മാത്രമാണ് ആരാധ്യൻ, അനുസരിക്കപ്പെടേണ്ടവൻ, പ്രാർഥിക്കപ്പെടേണ്ടവൻ എന്നു പറയുന്നിടത്താണ് വിരോധം. തങ്ങൾ വിശ്വസിക്കുന്ന മൂർത്തികൾക്കും ദിവ്യശക്തികളുണ്ട്, ഭക്തരുടെ പ്രാർഥന കേൾക്കുന്നവരും ആപൽരക്ഷകരും ആഗ്രഹങ്ങൾ സഫലീകരിക്കുന്നവരുമായി അവരെയും അംഗീകരിക്കണം. ഈ നിലപാടിനെയാണ് ഇവിടെ നിരാകരിക്കുന്നത്. അല്ലാഹുവല്ലാത്തവരെ ദൈവമായി വിശ്വസിക്കുന്നവർക്ക് അങ്ങനെ വിശ്വസിക്കാൻ സ്വാതന്ത്ര്യമുണ്ട്. ആ വിശ്വാസത്തിൽ നിങ്ങളും പങ്കുചേരണമെന്നും അവർ പ്രാർഥിക്കുന്നവരെ നിങ്ങളും പ്രാർഥിക്കണമെന്നും ആവശ്യപ്പെട്ടാൽ എന്തിന്റെ പേരിലായാലും അതിനു വഴങ്ങിക്കൂടാ. അവിടെ നിങ്ങളാരാധിക്കുന്നതിനെ ഞാൻ ആരാധിക്കുകയില്ല; ഞാൻ ആരാധിക്കുന്നതിനെ നിങ്ങളും ആരാധിക്കുന്നില്ലല്ലോ - لَا أَعْبُدُ مَا تَعْبُدُونَ ﴿٢﴾ وَلَا أَنتُمْ عَابِدُونَ مَا أَعْبُدُ- എന്നും നിങ്ങൾക്ക് നിങ്ങളുടെ മതം എനിക്ക് എന്റെ മതം - لَكُمْ دِينُكُمْ وَلِيَ دِينِ-എന്നും അറുത്തുമുറിച്ചു തന്നെ പറയണം. സാക്ഷാൽ ദൈവം -അല്ലാഹുവല്ലാതെ ദൈവമേതുമില്ല, അവനല്ലാത്തതെല്ലാം, നിങ്ങളുടെ ആരാധ്യരടക്കം നശ്വരങ്ങളാണ്. അവൻ മാത്രമാണ് എന്നെന്നും അവശേഷിക്കുന്നവൻ. ഈ പ്രപഞ്ചത്തിന്റെ വിധി കർതൃത്വം- ഭരണം അവൻ മാത്രമാണ് നിർവഹിക്കുന്നത്. മറ്റെല്ലാവരും അന്തിമമായി ചെന്നുചേരുന്നതും അവങ്കലാകുന്നു.